ഉത്തരം

(എ) സഹബുൾ, S/o സത്താർ എന്ന ഒരു ബംഗ്ലാദേശ് തടവുകാരൻ ശിക്ഷാകാലാവധി പൂർത്തിയാക്കിയിട്ടും വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുന്നുണ്ട്.

(ബി) ഡീപോർട്ടേഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ ജയിലിൽ തന്നെ പാർപ്പിച്ചിരിക്കുന്ന സഹബുൾ എന്ന തടവുകാരനെ ഡീപോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഡീപോർട്ടേഷൻ നടപടികളിൽ ഉണ്ടാകുന്ന കാലതാമസമല്ലാതെ മറ്റൊരു നിയമ തടസ്സവും ഇത്തരം തടവുകാരെ മോചിപ്പിക്കുന്ന കാര്യത്തിൽ ഇല്ല.

ഇന്റർനെറ്റ് കേബിൾ മുറിച്ചു മാറ്റിയ കേസ്

240 (244) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇന്റർനെറ്റ് കേബിൾ രണ്ട് കിലോമീറ്റർ ദൂരത്തിലുള്ളത് മുറിച്ചുമാറ്റിയത് സംബന്ധിച്ച് 19-5-2015-ന് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കുറ്റകൃത്യം സംബന്ധിച്ച് ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) കേസിന്റെ ക്രൈം നമ്പർ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി പ്രകാരം കടയ്ക്കൽ പോലീസ് അന്വേഷണം നടത്തിയപ്പോൾ കേബിൾ മുറിച്ച് മാറ്റിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

ജനശ്രീ മിഷനിലെ സാമ്പത്തിക തട്ടിപ്പ്

241 (245) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജനശ്രീമിഷന്റെ നേതൃത്വത്തിൽ നടന്നതായി ആരോപിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പിനെ പറ്റിയുള്ള പോലീസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly